3. നിശ്ചിത ശതമാനം സീറ്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റനർഹ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം നൽകിയിരിക്കണം.

4. മുൻവർഷം ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളിൽ 75 ശതമാനം പേർ പരീക്ഷ എഴുതിരിക്കണം.

(ബി) അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ അടുത്ത വർഷം മുതൽ തുടർച്ചാനുമതി നൽകി വരുന്നു.

(സി) ഉണ്ട്.

(ഡി) വാകത്താനം പട്ടികജാതി സർവ്വീസ് സഹകരണസംഘം നടത്തുന്ന സ്കൂളിന് പ്രത്യേക കേസ്സായി പരിഗണിച്ച് 1994-95-ൽ സർക്കാർ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ അതേ വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ പട്ടികജാതി വികസന വകുപ്പു നൽകിയ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കല്ലിയൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യ ബാച്ച് കുട്ടികൾക്ക് ആനുകൂല്യം നൽകാൻ ഗവ.ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥാപനത്തിനും തുടർച്ചാനുമതി നൽകിയിട്ടുണ്ട്.

(ഇ) കല്ലിയൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യത്തിൽ തെറ്റായി റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുകയും വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

പെരിങ്ങോം-വടകര പഞ്ചായത്തിലെ അംബേദ്ക്കർ ഗ്രാമത്തിലെ വികസന പ്രവർത്തികൾ

22 (2572) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മന്ത്രിക്ക് തൃക്കരിപ്പൂർ എം. എൽ.എ. നൽകിയ നിവേദനത്തെ തുടർന്ന് കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വടകര പഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. അംബേദ്ക്കർ ഗ്രാമങ്ങളിൽ ഏതെങ്കിലും പ്രവൃത്തികൾ നടത്താൻ 9-2-2000-ൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഈ പ്രവർത്തികൾ എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 13-3-2000-ൽ താഴെ പറയുന്ന പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. കാണംവയൽ ഐ.എച്ച്.ഡി.പി. നടപ്പാലം നിർമ്മാണം 50000 രൂപ.
2. പെരുവട്ടം കവല-കുണ്ടറി ഐ.എച്ച്.ഡി.പി.എസ്. വളവ് 1.3 കി.മീറ്റർ റോഡ് - 8.9 ലക്ഷം രൂപ - റോഡ് നിർമ്മാണം.
3. കോഴിച്ചാൽ 600 കി.മീറ്റർ റോഡ്-4.10 ലക്ഷം രൂപ റോഡ് നിർമ്മാണം.

(സി) അധികം താമസിയാതെ പണികൾ ആരംഭിക്കുന്നതാണ്.

ഭീഷണിക്കും പീഡനങ്ങൾക്കുമെതിരെ നിവേദനം

23 (2573) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര, തെക്കേക്കര വരേണിക്കൽ വാർഡിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ തങ്ങൾ അനുഭവിക്കുന്ന ഭീഷണിക്കും പീഡനങ്ങൾക്കുമെതിരെ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും സൈരജീവിതം ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശക്തമായ പോലീസ് പട്രോളിങ്ങും പിക്കറ്റിംഗും ഏർപ്പെടുത്തുകയും ചെയ്ത് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതെയും പട്ടികജാതിക്കാരുടെ ജീവനും സ്വത്തിനും ഭീഷണി ഉണ്ടാകാതെ സൈരജീവിതം നയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലുവ ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ സ്റ്റൈപന്റ് ലഭ്യമാക്കാൻ നടപടി

24 (2574) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ (പ്ലസ് ടു) പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കഴിഞ്ഞവർഷവും ഈ വർഷവും സ്റ്റൈപന്റ് നൽകുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ബി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പരാതിയിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഫീസ് ഇളവിന് അപേക്ഷിച്ചിരുന്ന കുട്ടികൾക്ക് ആനുകൂല്യം നൽകിയിരുന്നോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly